സ്വർണ്ണിമ സ്കീം

*6 [336] ശ്രീ. എൻ. ഡി. അപ്പച്ചൻ:
,, ടി. യു. രാധാകൃഷ്ണൻ:
,, എ. പി. അനിൽകുമാർ:
,, എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രഗവൺമെന്റിന്റെ സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയം പാവപ്പെട്ട ഒ.ബി.സി. കുടുംബങ്ങൾക്കായി സ്വർണ്ണിമ സ്കീം എന്നപേരിൽ ഒരു സ്കീം തയ്യാറാക്കി നടപ്പാക്കിയിട്ടുണ്ടോ;

(ബി) ഈ സ്കീം മുഖേന സംസ്ഥാനത്തെ എത്ര ഒ. ബി. സി. വനിതകൾക്ക് പ്രയോജനം കിട്ടി;

(സി) ഈ മന്ത്രാലയത്തിൽ നിന്ന് ഈ സ്കീമനുസരിച്ച് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നത് എന്ന് വെളിപ്പെടുത്താമോ?

പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ):

(എ) ഉണ്ട്.

(ബി) 2012 പേർക്ക്.

(സി) സ്വയം തൊഴിൽ പദ്ധതി അല്ലാതെ ഈ സ്കീമിൽ മറ്റ് ആനുകൂല്യങ്ങളൊന്നും നടപ്പിലാക്കി വരുന്നില്ല.

ജലവിനിയോഗത്തിൽ ധൂർത്ത്

*7 [337] ശ്രീ. വി. ചെന്താമരാക്ഷൻ:
,, എം. വി. ഗോവിന്ദൻ മാസ്റ്റർ:
,, പി. ജയരാജൻ:
,, മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലവിനിയോഗത്തിൽ ധൂർത്ത് നടന്നുവരുന്നതായി കരുതുന്നുണ്ടോ;

(ബി) ജലവിനിയോഗ നിയന്ത്രണ സംവിധാനത്തിലും ജലവിനിയോഗത്തിലും നടന്നുവരുന്ന ധൂർത്ത് സംബന്ധിച്ച് വിശദമാക്കാമോ;

(സി) ധൂർത്തുകൾ ഒഴിവാക്കാനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു;

(ഡി) ഉപഭോക്താക്കൾക്കെല്ലാം കൺസ്യൂമേഴ്സ് മീറ്റർ കാർഡും സ്റ്റിക്കറും വിതരണം ചെയ്യാൻ വാട്ടർ അതോറിറ്റി തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അത് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly